**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6067** **17-03-2023 - ൽ മറുപടിയ്ക്ക്**

**കിഫ്ബി ധനസഹായത്തോടെ കുന്ദമംഗലം ഗ്രാമപഞ്ചായത്തിലെ ശ്മശാനം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി ധനസഹായത്തോടെ ശ്മശാനം നിർമ്മിക്കുന്നതിന് കുന്ദമംഗലം ഗ്രാമപഞ്ചായത്തിന് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര രൂപയാണ് ഇതിന് വേണ്ടി അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | കിഫ്ബി ധനസഹായത്തോടെ ശ്മശാനം നിർമ്മിക്കുന്നതിനു കുന്ദമംഗലം ഗ്രാമപഞ്ചായത്തിനു കിഫ്ബി അനുമതി നൽകിയിട്ടില്ല. |
| (ബി) | പ്രസ്തുത പദ്ധതി പ്രാവർത്തികമാക്കുന്നതിന് ഏത് ഏജൻസിയെയാണ് നിയോഗിച്ചിട്ടുള്ളത്; | (ബി) | പ്രസ്തുത പദ്ധതി പ്രാവർത്തികമാക്കുന്നതിനു ഇംപാക്റ്റ് കേരള ലിമിറ്റഡ് എന്ന പദ്ധതി നിർവ്വഹണ ഏജൻസിയെ ബന്ധപ്പെട്ട ഭരണവകുപ്പ് ചുമതലപെടുത്തിയിരുന്നു. |
| (സി) | പ്രസ്തുത പദ്ധതിക്ക് വേണ്ടി ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (സി) | കുന്ദമംഗലം ഗ്രാമപഞ്ചായത്തിൽ ഗ്യാസ് ശ്മശാനം സ്ഥാപിക്കുന്നതുമായി ബന്ധപെട്ട് ശുചിത്വമിഷൻ തയ്യാറാക്കിയ ഡി പി ആർ പദ്ധതി നിർവ്വഹണ ഏജൻസിയായ ഇംപാക്റ്റ് കേരള ലിമിറ്റഡ് 2018 ഒക്ടോബറിൽ കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. പ്രസ്തുത ഡി.പി.ആർ കിഫ്ബിയിൽ പരിശോധിക്കുകയും 2019 മാർച്ചിൽ സാങ്കേതിക അവലോകന റിപ്പോർട്ട് ഇംപാക്റ്റിനു നൽകുകയും ചെയ്തു. ഇതിനെത്തുടർന്ന് ഇംപാക്റ്റ് ഡി.പി.ആർ പരിഷ്കരിച്ച് 2022 മാർച്ചിൽ കിഫ്ബിയിൽ സമർപ്പിച്ചു. എന്നാൽ 30.06.2022-ന് കുന്ദമംഗലം ഗ്രാമ പഞ്ചായത്തിൽ നിന്നും ഇംപാക്റ്റിനു ലഭിച്ച കത്ത് പ്രകാരം കുന്ദമംഗലം ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള കളരിക്കണ്ടി പൊതു ശ്മശാനത്തിന്റെ പുനരുദ്ധാരണം കിഫ്ബി പദ്ധതിയല്ലാതെ ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളുടെ സഹായത്തോടെ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് തീരുമാനമെടുത്തതായി അറിയിക്കുകയും. തുടർന്ന് 2022 മാർച്ചിൽ കിഫ്ബിയിൽ സമർപ്പിച്ച ഡിപിആർ, പദ്ധതി നിർവ്വഹണ ഏജൻസിയായ ഇംപാക്റ്റ് പരിഷ്കരിക്കുകയും കുന്ദമംഗലം ഗ്യാസ് ശ്മശാനം പദ്ധതി കിഫ്ബിയുടെ പരിഗണനയിൽ നിന്നും ഒഴിവാക്കുകയും ചെയ്തു. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത പദ്ധതി എപ്പോൾ ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (ഡി) | കുന്ദമംഗലം ഗ്രാമപഞ്ചായത്തിൽ ഗ്യാസ് ശ്മശാനം സ്ഥാപിക്കുന്നതുമായി ബന്ധപെട്ട് ശുചിത്വമിഷൻ തയ്യാറാക്കിയ ഡി പി ആർ പദ്ധതി നിർവ്വഹണ ഏജൻസിയായ ഇംപാക്റ്റ് കേരള ലിമിറ്റഡ് 2018 ഒക്ടോബറിൽ കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. പ്രസ്തുത ഡി.പി.ആർ കിഫ്ബിയിൽ പരിശോധിക്കുകയും 2019 മാർച്ചിൽ സാങ്കേതിക അവലോകന റിപ്പോർട്ട് ഇംപാക്റ്റിനു നൽകുകയും ചെയ്തു. ഇതിനെത്തുടർന്ന് ഇംപാക്റ്റ് ഡി.പി.ആർ പരിഷ്കരിച്ച് 2022 മാർച്ചിൽ കിഫ്ബിയിൽ സമർപ്പിച്ചു. എന്നാൽ 30.06.2022-ന് കുന്ദമംഗലം ഗ്രാമ പഞ്ചായത്തിൽ നിന്നും ഇംപാക്റ്റിനു ലഭിച്ച കത്ത് പ്രകാരം കുന്ദമംഗലം ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള കളരിക്കണ്ടി പൊതു ശ്മശാനത്തിന്റെ പുനരുദ്ധാരണം കിഫ്ബി പദ്ധതിയല്ലാതെ ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളുടെ സഹായത്തോടെ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് തീരുമാനമെടുത്തതായി അറിയിക്കുകയും. തുടർന്ന് 2022 മാർച്ചിൽ കിഫ്ബിയിൽ സമർപ്പിച്ച ഡിപിആർ, പദ്ധതി നിർവ്വഹണ ഏജൻസിയായ ഇംപാക്റ്റ് പരിഷ്കരിക്കുകയും കുന്ദമംഗലം ഗ്യാസ് ശ്മശാനം പദ്ധതി കിഫ്ബിയുടെ പരിഗണനയിൽ നിന്നും ഒഴിവാക്കുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ